(ബി) മറ്റ് ജീവനക്കാരുടെ എത്ര തസ്തികകളിൽ ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം വേണ്ടത്ര ലഭിക്കാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നികത്തുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിച്ച് രോഗികൾക്ക് ചികിൽസാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആരോഗ്യ വകുപ്പിൽ 215 ഒഴിവുകളുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി & ഡി) ഡോക്ടർമാരുടെ കുറവുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് നിലവിലുള്ള ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിച്ചുവരുന്നത്.

മറ്റു വകുപ്പുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

മെഡിക്കൽ കേളേജിൽ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

144 [145] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് പുതിയ ട്രാൻസ്ഫോർമർ വയ്ക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി രണ്ട് ഹൈടെൻഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന് പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ എഞ്ചിനീയർ നിർദ്ദേശിക്കുകയും ഇതിന് 22.9 ലക്ഷം രൂപ ചെലവുവരുമെന്നു കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസിലെ പോസ്റ്റ് ക്രിയേഷൻ

145 [146] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് സർവ്വീസിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടോ;

(ബി) പുതുതായി പോസ്റ്റുകൾ സൃഷ്ടിക്കാൻ പാടില്ല എന്ന ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നിലനിൽക്കെ ഇപ്രകാരമൊരു പോസ്റ്റ് സൃഷ്ടിക്കുവാനുള്ള കാരണമെന്ത്;

(ഡി) ഈ പോസ്റ്റിലേക്ക് ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുതയാൾ നേഴ്സിംഗ് സർവ്വീസിലെ ഏറ്റവും സീനിയറായിട്ടുള്ള ആളാണോ;

(എഫ്) അല്ലാത്തപക്ഷം സീനിയറായിട്ടുള്ള ആളിനെ തഴഞ്ഞ് ജൂനിയറെ നിയമിക്കാനുള്ള കാരണമെന്തെന്ന് പറയുമോ;

(ജി) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് സർവ്വീസ് തസ്തികയിലേക്കുള്ള നിയമനത്തിനുള്ള സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിലെ സീനിയറിനെയാണോ ആ പോസ്റ്റിൽ നിയമിച്ചിട്ടുള്ളത്;

(ഐ) സെലക്ട് ലിസ്റ്റ് ഇല്ലാത്തപക്ഷം സർവ്വീസിലെ സീനിയറായിട്ടുള്ളയാളിന് കൊടുക്കാതെ ജൂനിയറിനെ ആ പോസ്റ്റിലേക്ക് നിയമിച്ചതെന്തുകൊണ്ടെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly